"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/134/2025-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 19-10-2025

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - 'എന്റെ തൊഴിൽ എന്റെ അഭിമാനം 2.0' പദ്ധതിയുടെ ഭാഗമായി പദ്ധതികൾ തുടർ വർഷങ്ങളിലും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(സാധാ) നം.2128/2023/തസ്വഭവ; തീയതി 31.10.2023
2. ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.09.2025-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 4.44

*********************

കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകരിൽ DWMS (Digital Workforce Management System) ൽ രജിസ്റ്റർ ചെയ്തവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി കേരള നോളജ് എക്കണോമി മിഷൻ രൂപീകരിച്ചിരുന്ന പദ്ധതിയാണ് എന്റെ തൊഴിൽ എന്റെ അഭിമാനം. കേരളാ നോളജ് എക്കോണമി മിഷന്റെ പ്രവർത്തനാനുഭവങ്ങളെ വിലയിരുത്തി സന്നദ്ധപ്രവർത്തനവും പങ്കാളിത്ത സ്വഭാവവും ഉറപ്പുവരുത്തുന്ന ഒരു ജനകീയ പ്രസ്ഥാനമായി മിഷനെ പുനരാവിഷ്കരിച്ച് 'വിജ്ഞാനകേരളം ജനകീയ കാമ്പയിൻ' ആയാണ് ആയത് നിലവിൽ പ്രവർത്തിക്കുന്നത്.

അഭ്യസ്ത വിദ്യരായ തൊഴിൽ അന്വേഷകരെ അവരുടെ വിദ്യാഭ്യാസ യോഗ്യതയും കഴിവിനും അഭിരുചിക്കും അനുസരിച്ച് തൊഴിൽ നേടാൻ പ്രാപ്തരാക്കുന്നതിനായി, എന്റെ തൊഴിൽ എന്റെ അഭിമാനം 2.0' പദ്ധതിയുടെ ഭാഗമായി i) ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കൽ, ii) നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കൽ, iii) തൊഴിൽ മേള സംഘടിപ്പിക്കൽ, iv) വർക്ക് നിയർ ഹോം സൗകര്യമൊരുക്കൽ - എന്നീ പ്രൊജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ സൂചന 1 ഉത്തരവ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ 2023-24 വാർഷിക പദ്ധതിയിൽ മേൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതിനാണ് സൂചിത ഉത്തരവിൽ അനുമതി നൽകിയിരുന്നത്.

മേൽ സർക്കാർ ഉത്തരവ് 2023-24 സാമ്പത്തിക വർഷത്തേക്ക് മാത്രമേ ബാധകമാകൂ എന്ന്

കാണിച്ച്, തുടർന്ന് വന്ന വർഷങ്ങളിൽ അതുപ്രകാരം പ്രോജെക്റ്റ് ഏറ്റെടുക്കുന്നതിനും ആയതിന് അംഗീകാരം ലഭ്യമാക്കി നിർവ്വഹണം നടത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ബുദ്ധിമുട്ട് നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2023-24 വർഷത്തെ പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയതിനുശേഷമാണ് സൂചന 1 ഉത്തരവ് 31.10.2023-ൽ പുറപ്പെടുവിച്ചത്. മുകളിൽ പറഞ്ഞ പ്രോജക്റ്റുകൾ 2023-24 ലെ വാർഷിക പദ്ധതികളിൽ കൂട്ടിച്ചേർക്കേണ്ടതുണ്ടായിരുന്നതിനാലാണ് പദ്ധതി ഭേദഗതി ചെയ്ത് ഈ പ്രോജക്റ്റുകൾ കൂടി 2023-24 വർഷത്തെ പദ്ധതിയുടെ ഭാഗമാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുവാദം നൽകുന്നു എന്ന് ഉത്തരവിൽ പ്രത്യേകം പറഞ്ഞത്.

മേൽ സാഹചര്യത്തിൽ, സൂചന 1 ഉത്തരവിൽ പ്രതിപാദിച്ച നാലുതരം പ്രോജക്റ്റുകളും 2023-24-നു ശേഷം, നടപ്പ വർഷവും, ഇനിയുള്ള വർഷങ്ങളിലും ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തത വരുത്തുന്നു.

അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. മെമ്പർ സെക്രട്ടറി, കെഡിസ്ക്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 21-10-2025 10:08:00

സെക്ഷൻ ഓഫീസർ.